# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/ 10/ 2018


## ഗുണ്ടാ നിയമ പ്രകാരം സ്ഥിരം കുറ്റവാളി അറസ്റ്റിൽ



ബി.ബി കുട്ടൻ

കുട്ടികൾക്കെതിരെയുള്ള ലൈംഗീകാതിക്രമം, കൊലപാതക ശ്രമം, അബ്കാരി നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ തുടങ്ങി നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായ കൊല്ലം ഈസ്റ്റ് വില്ലേജിൽ വടക്കുംഭാഗം ചേരിയിൽ പുള്ളിക്കട കോളനിയിൽ ഓമനക്കുട്ടൻ മകൻ എന്നറിയപ്പെടുന്ന രതീഷിനെ അറസ്റ്റ് ചെയ്തു. ഇയാൾ മുൻപ് മൂന്ന് തവണ കാപ്പാ നിയമ പ്രകാരം കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. ഒടുവിൽ ജയിൽ മോചിതനായതിന് ശേഷവും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിനെ തുടർന്നാണ് ഇയാൾക്കെതിരെ കാപ്പാ നിയമ പ്രകാരം കൊല്ലം ജില്ലാ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച കരുതൽ തടങ്കൽ ഉത്തരവ് പ്രകാരം ഇപ്പോൾ അറസ്റ്റിലായത്. കൊല്ലംസിറ്റി പോലീസ് കമ്മീഷണർ പി കെ. മധു. ഐ പി എസിന്റെ നിർദ്ദേശാനുസരണം കൊല്ലം അസി.പോലീസ് കമ്മീഷണർ എ.പ്രതീപ്കുമാറിന്റെ നേതൃത്വത്തിൽ ഈസ്റ്റ് പോലീസ് ഇൻസ്പെക്ടർ മഞ്ജുലാൽ, സബ് ഇൻസ്പെക്ടർമാരായ വി.ശിവകുമാർ, പ്രശാന്ത്കുമാർ എം.കെ, ഷാഡോ പോലീസ് സബ് ഇൻസ്പെക്ടർ വിപിൻകുമാർ. യു.പി, അസി. സബ് ഇൻസ്പെക്ടർ രാജേന്ദ്രൻ പിള്ള, സീനിയർ സിവിൽ പോലീസ് ഓഫീസർ ഹരിലാൽ, സിവിൽ പോലീസ് ഓഫീസർമാരായ മനു, സജു, ഷീനു, റിബു, നന്ദകുമാർ എന്നിവരുൾപ്പെട്ട സംഘമാണ് ടിയാനെ പിടികൂടിയത്. കരുതൽ തടങ്കലിലിൽ പാർപ്പിക്കുന്നതിനായി ഇയാളെ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്ക് അയച്ചു.